(ബി) ഡിസ്പിരിൻ എന്നത് സോല്യൂബിൾ ആസ്പിരിനാണ്. ഡിസ്പിരിൻ വെള്ളത്തിൽ വളരെ വേഗം അലിയുന്നു. ആയതിനാൽ ദീർഘനാൾ ഉപയോഗിക്കേണ്ടിതായി വരുന്ന പക്ഷാഘാതം, ഹൃദ്രോഗം തുടങ്ങിയ രോഗങ്ങൾക്ക് ആസ്പിരിൻ ഉളവാക്കുന്ന പർശ്വഫലങ്ങളായ ആമാശയത്തിലെ തകരാറ്, രക്തസ്രാവം, വ്രണം എന്നിവ ഡിസ്പിരിൻ ഉണ്ടാക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) സെൻട്രൽ പർച്ചേസ് കമ്മിറ്റി 2000-2001-മാണ്ടിലേയ്ക്കുള്ള മരുന്നുകൾ വാങ്ങാനായി പുതിയ മരുന്നുകളെ ഉൾപ്പെടുത്തുവാനും ആവശ്യമില്ലാത്ത മരുന്നുകൾ ലിസ്റ്റിൽ നിന്നു ഒഴിവാക്കുന്നതിനുമായി ഒരു സബ്കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി മരുന്നുകളുടെ ആവശ്യമനുസരിച്ച് ലിസ്റ്റ് പരിശോധിച്ച് തയ്യാറാക്കിയതിൽ ഡിസിപരിനും ഉൾപ്പെട്ടിട്ടുണ്ട്. സി. പി. സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയാലും ഈ മരുന്ന് ആവശ്യമുള്ളിടത്തേയ്ക്കു മാത്രമേ വാങ്ങാറുള്ളൂ. ആസ്പിരിനും ലിസ്റ്റിൽ നിലവിലുണ്ട്. ആസ്പിരിന് പകരമായി ഡിസ്പിരിൻ വാങ്ങാൻ സാദ്ധ്യതയില്ല. അതിനുപറുമേ വില കൂടിയ മരുന്നുകൾക്ക് ഓർഡർ നൽകുമ്പോൾ പകരം വില കുറഞ്ഞ മരുന്ന് ലിസ്റ്റിൽ ഇല്ല എന്ന് പർച്ചേസ് ഓഫീസർ സർട്ടിഫൈ ചെയ്യണം എന്ന ഒരു പുതിയ നിർദ്ദേശം കൂടി നിലവിലുണ്ട്.

കെ. എസ്. ഡി. പി. ലഭ്യമാക്കിയ മരുന്നുകൾ

199 (3389) ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിൽ നിന്ന് ആരോഗ്യവകുപ്പ് 1996-97, 1997-98, 1998-99 എന്നീ വർഷങ്ങളിൽ എന്തു തുകയ്ക്കുള്ള മരുന്നിന് ഓർഡർ നൽകുകയുണ്ടായി ;

(ബി) പ്രസ്തുത കമ്പനി എന്തു തുകയ്ക്കുള്ള മരുന്ന് ഓരോവർഷവും ലഭ്യമാക്കിയിട്ടുണ്ട് ;

(സി) കമ്പനി മരുന്നു നൽകാതിരുന്നതിനെ തുടർന്ന് ഉണ്ടായ കുറവ് എപ്രകാരം പരിഹരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതുമൂലം ആരോഗ്യ വകുപ്പിന് എന്തു നഷ്ടമുണ്ടായി എന്നറിയിക്കുമോ ?

ഉത്തരം

(എ)	1996-97	8.29 കോടി
	1997-98	14 കോടി
	1998-99	12.28 കോടി

LIBRARY ARCHIVES Kerala Legislative Assembly

(ബി)	1996-97	5.42 കോടി
	1997-98	8.10 കോടി
	1998-99	5.28 കോടി

(സി) ഡി.പി.സി.യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റു കമ്പനികളിൽ നിന്നും മരുന്നുകൾ വാങ്ങിയാണ് ഈ കുറവ് പരിഹരിച്ചത്.

(ഡി) കെ. എസ്.ഡി.പി.ക്ക് 1996-97-ൽ 10% അധിക പ്രിഫറൻസും, 1997-98 25% വും, 1998-99-ൽ 20 % ഉം അധിക പ്രിഫറൻസ് നൽകിയാണ് മരുന്നുകൾ സപ്ലൈ ചെയ്യാൻ ഓർഡർ നൽകിയിട്ടുള്ളത്. ഇതുമൂലം 1996-97-ൽ 50 ലക്ഷവും, 1997-98-ൽ 1.92 കോടിയും ആരോഗ്യവകുപ്പിന് നഷ്ടമുണ്ടായി. 1998-99 ലേയും 1999-2000-ലേയും നഷ്ടത്തിന്റെ കണക്കുകൾ കണക്കാക്കി വരുന്നു.

മഞ്ചേരി താലൂക്ക് ഹോമിയോ ആശുപത്രി

200 (3390) ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി താലൂക്ക് ഹോമിയോ ആശുപത്രി കെട്ടിടത്തിന് എന്നാണ് ശിലാസ്ഥാപനം നടത്തിയത് ;

(ബി) മഞ്ചേരി നഗരസഭ എന്നാണ് ഈ കെട്ടിടത്തിന് ഭരണാനുമതി നൽകിയത് ;

(സി) മരാമത്ത് വകുപ്പ് ഈ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് ;

(ഡി) പ്രസ്തുത ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ ഉദ്ഘാടനവേളയിൽ ആരോഗ്യവകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥർ പങ്കെടുത്തു എന്നറിയിക്കുമോ ?

ഉത്തരം

(എ) 20-8-1999-ൽ

(ബി) നഗരസഭ ഭരണാനുമതി നല്കിയിട്ടില്ല. 19-9-1994-ലെ ജി.ഒ.. (ആർ.റ്റി) 376/94/ആ.കു.വ ഉത്തരവ് പ്രകാരം സർക്കാരാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(സി) ഹോമിയോ ആശുപത്രിയുടെ ഉടമസ്ഥാവകാശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായതിനാൽ ആരോഗ്യവകുപ്പിന് കൈമാറേണ്ട ആവശ്യമില്ല.

(ഡി) ആശുപത്രിയുടെ ഔദ്യോഗിക ഉദ്ഘാടനം 19-2-2000-ൽ ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി നിർവഹിച്ചു. ഹോമിയോ ഡയറക്ടർ (ഇൻ-ചാർജ്ജ്) മലപ്പുറം ജില്ലാ മെഡിക്കലാഫീസർ, ചീഫ് മെഡിക്കലാഫീസർ എന്നിവരും 35 മെഡിക്കൽ ആഫീസർമാരും ഉൾപ്പെടെ 59 ഉദ്യോഗസ്ഥർ പങ്കെടുത്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly